**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1210** **02-02-2026 - ൽ മറുപടിയ്ക്ക്**

**കിളിമാനൂരിൽ രാജാ രവിവർമ്മ സ്മാരക നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിശ്വപ്രസിദ്ധ ചിത്രകാരനായ രാജാരവിവർമ്മയുടെ ജന്മനാടായ കിളിമാനൂരിൽ സമുചിത സ്മാരകം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കൈമാറിക്കിട്ടിയ 66 ആർ സ്ഥലത്ത് കേരള ലളിതകലാ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ രാജാരവിവർമ്മയുടെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ പ്രിന്റുകൾ പ്രദർശിപ്പിച്ചിട്ടുള്ള ഗാലറി, ഓപ്പൺ എയർ ഓഡിറ്റോറിയം, കലാകാർക്ക് താമസിച്ച് രചനകൾ നടത്തുന്നതിനുള്ള ആർട്ട് റെസിഡൻസി എന്നിവ ഉൾപ്പെടുന്ന സ്മാരക നിലയം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കിളിമാനൂർ കൊട്ടാരവളപ്പിൽ രാജാ രവിവർമ്മ സ്മൃതിമണ്ഡപവും നിർമ്മിച്ചിട്ടുണ്ട്. രാജാ രവിവർമ്മ സാംസ്കാരിക നിലയത്തിൽ ഒരു പ്രിന്റ് മേക്കിംഗ് സ്റ്റുഡിയോ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ